1. സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവർക്കായി ജൈവ കൃഷി രീതികൾ പരിചയപ്പെടുത്താനും ബോധവൽക്കരിക്കാനും വേണ്ടിയുള്ള മാനവ വികസനശേഷി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

2. 3136 ഹെക്ടർ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി 14 ജില്ലകളിലും 627.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. 160 ഹെക്ടറിൽ സങ്കരയിനം പച്ചക്കറികളുടെ ഉല്പാദനത്തിനായി 32 ലക്ഷം രൂപ നൽകുന്നു.

4. 25 ലക്ഷം സങ്കരയിനം പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുവാൻ 62.68 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 50,000 ഗുണമേൻമയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ കർഷകർക്ക് വിതരണം ചെയ്യാൻ 5 ലക്ഷം രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമേ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ ധനസഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

നീര ഉല്പാദനവും വിതരണവും നടത്തുന്നതിന് ഏജൻസികൾ

227 (1666) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉല്പാദിപ്പിക്കുന്നതിന് നാളികേര വികസന ബോർഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, ബോണഫൈഡ് ജാഗറി പ്രൊഡ്യൂസേഴ്സ്, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ തുടങ്ങിയ ഏജൻസികളെ ചുമതലപ്പെടുത്തി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) കേരള അബ്കാരി ചട്ടം ഭേദഗതി ചെയ്യാത്തതു കാരണം നീരയുടെ ഉൽപ്പാദനമോ വിതരണമോ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷി വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 3-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 17/2014/നികുതി വകുപ്പ് തീയതി പ്രകാരം സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/ സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കർഷക പെൻഷൻ

228(1667) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്ക് കർഷക പെൻഷൻ നൽകുന്നത് വിലയിരുത്താറുണ്ടോ ;

(ബി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് വേണ്ടി എത്ര അപേക്ഷകളാണ് പരിഗണനയിൽ ഉള്ളതെന്ന് അറിയിക്കുമോ ;

(സി) പെരുമ്പാവൂർ മണ്ഡലത്തിൽ സമർപ്പിച്ച അപേക്ഷകരുടെ എണ്ണം എത്രയാണ് ;

(ഡി) അപേക്ഷകർക്ക് പെൻഷൻ ലഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ 320793 പേർക്ക് നൽകി വരുന്നു.

(സി) 2614.

(ഡി) സ്വീകരിച്ചിട്ടുണ്ട്.